കർഷക തൊഴിലാളി പെൻഷൻ

63 (1730) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര കർഷക തൊഴിലാളികൾക്കാണ് പെൻഷന് അർഹതയുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്തു തീർക്കാതിരിക്കുവാൻ കാരണമെന്ത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അർഹതയുള്ളവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഇപ്പോൾ 4,07,048 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകുന്നുണ്ട്.

(ബി) 6 മാസത്തെ (രണ്ടു ഗഡു)

(സി) ഫണ്ടിന്റെ കുറവുമൂലം കുടിശ്ശിക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക നൽകുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ

64 (1731) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷ സ്വീകരിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷ സമർപ്പിച്ചാൽ മിക്ക പഞ്ചായത്തുകളിലും യഥാസമയം പരിശോധന നടക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനത്തിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(സി&ഡി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30-6-1999 വരെ കർഷക തൊഴിലാളി പെൻഷന് അർഹത നേടിയ എല്ലാപേർക്കും പെൻഷൻ നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly